File No... ...SGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- കാസർഗോഡ് ജില്ല - കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ നം 175/1 ൽ പ്പെട്ട സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ രണ്ടാം നില (WEP 111/456 സി) ഗ്രാമ ന്യായാലയം പ്രവർത്തനത്തിന് വിട്ടുനൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1418/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/07/2021

പരാമർശം:-

1. സ.ഉ.(സാധാ)നം.1727/2016/തസ്വഭവ തീയതി 23.05.2016
2. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.07.2019 ലെ എസ്.സി2-408/19-ാം നമ്പർ കത്ത്
3. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28.02.2019 ലെ 10/1 -ാം നമ്പർ തീരുമാനം
4. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.07.2019ലെ DDP-KSD/1216/2019-SC4 നമ്പർ കത്ത്.
5. പഞ്ചായത്ത് ഡയറക്ടറുടെ 03.09.2019 ലെ PAN/10863/2019-C4(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ നം 175/1 ൽ പ്പെട്ട സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള WEP 111/456 ബി നമ്പർ ഒന്നാം നില കെട്ടിടം പരാമർശം (1) പ്രകാരം ഗ്രാമ ന്യായാലയം പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമന്യായാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സ്ഥലപരിമിതി ഉള്ളതിനാൽ കെട്ടിടത്തിന്റെ രണ്ടാം നില കൂടി (WEP 111/456 സി ) അനുവദിച്ച് തരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗ്രാമന്യായാധിപന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിക്കൊണ്ട് രണ്ടാം നിലകൂടി വിട്ടുനൽകുന്നതിനുള്ള അനുമതിക്ക് അപേക്ഷിക്കാൻ പരാമർശം (3) പ്രകാരം തീരുമാനമെടുക്കുകയുണ്ടായി. വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ നം 175/1ൽ പ്പെട്ട സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ഗ്രാമ ന്യായാലയം പ്രവർത്തിച്ചു വരുന്നതുമായ കെട്ടിടത്തിന്റെ

രണ്ടാം നില (WEP 111/456 സി ) കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർ ത്തിക്കൊണ്ട് കോടതിയുടെ പ്രവർത്തനത്തിന് വിട്ടുനൽകുന്നതിന് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള,.ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ